# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org

തീയതി :25.09.2023

## പത്രക്കുറിപ്പ്

## പൊതു തെളിവെടുപ്പ് ഒക്ടോബർ 26ന്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, വൈദ്യുതി വിതരണത്തിനാവശ്യമായ ജോലികൾക്കുള്ള എസ്റ്റിമേറ്റ് നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായുള്ള പെറ്റീഷൻ (OP No. 36/2023) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. പെറ്റീഷനും പുതുക്കിയ അനുബന്ധങ്ങളോടുകൂടി സമർപ്പിച്ച അഡീഷണൽ സബ്മിഷനും കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. പ്രസ്തുത പെറ്റീഷന്മേലുള്ള പൊതുതെളിവെടുപ്പ് സെപ്റ്റംബർ 28-ാം തീയതി 10:30 മണിക്ക് കമ്മീഷന്റെ കോർട്ട് ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ടി തെളിവെടുപ്പ് ഒക്ടോബർ 26-ാം തീയതിയിലേയ്ക്ക് മാറ്റി വച്ച വിവരം അറിയിച്ചുകൊള്ളുന്നു. പ്രസ്തുത പൊതുതെളിവെടുപ്പ് 26-ാം തീയതി വ്യാഴാഴ്ച രാവിലെ 10:30 മണിക്ക് കമ്മീഷന്റെ തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള കോർട്ട് ഹാളിൽ വച്ച് നടത്തുന്നു. ടി പൊതുതെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരവും പങ്കെടുക്കാം. വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ഒക്ടോബർ 25-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും വിശദവിവരങ്ങളും ഫോൺ നമ്പർ, ഇ-മെയിൽ ഐഡി സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org എന്ന ഇ-മെയിലിൽ അറിയിയ്ക്കണം. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽവഴിയും (kserc@erckerala.org) പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താം. ലഭിക്കുന്ന അഭിപ്രായങ്ങൾ ഒക്ടോബർ 26-ാം തീയതി വ്യാഴാഴ്ച, 05:00 PM വരെ സ്വീകരിക്കും. തപാൽ മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി

ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ അയയ്ക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

സെക്രട്ടറി